**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2559** **06-10-2025 - ൽ മറുപടിയ്ക്ക്**

**ജി. എസ്. ടി. പരിഷ്കാരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. ചാണ്ടി ഉമ്മൻ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കേന്ദ്ര സർക്കാർ നടപ്പിലാക്കിയ ജി. എസ്. ടി. പരിഷ്കാരങ്ങൾ കാരണം അവശ്യസാധനങ്ങളുടെ വില കുറയുമ്പോൾ വിപണി കൂടുതൽ ചലനാത്മകമാകുമെന്നും അതുവഴി നഷ്ടപ്പെടാൻ ഇടയുള്ള നികുതി വരുമാനം നേടാൻ സാധിക്കും എന്നുമുള്ള കേന്ദ്ര സർക്കാരിന്റെ വാദം പരിശോധനക്ക് വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (എ) | 56-ാമത് ജി.എസ്.ടി. കൗൺസിലിൽ നിലവിലുള്ള ജി.എസ്.ടി. നിരക്കുകൾ പരിഷ്കരിക്കുന്നതിനുള്ള തീരുമാനം കൈക്കൊള്ളുകയും അതിൻ പ്രകാരം 12%, 28% നിരക്ക് ബാധകമായ നിരവധി ചരക്കുകളുടെയും സേവനങ്ങളുടെയും നിരക്കുകൾ 5%, 18% എന്നീ നിരക്കുകളിലേക്ക് കുറച്ചു കൊണ്ടുവരുകയും ഉയർന്ന മൂല്യമുള്ള വാഹനങ്ങൾ, എയ്റേറ്റഡ് ഡ്രിങ്ക്, ലോട്ടറി തുടങ്ങിയ ഏതാനും സാധനങ്ങളെ മാത്രം സ്പെഷ്യൽ റേറ്റ് ആയ 40% നിരക്കിൽ ഉൾപ്പെടുത്തുകയും ചെയ്തു.<br><br>ടി നിരക്ക് പരിഷ്കരണവുമായി ബന്ധപ്പെട്ട ഘടനാ മാറ്റം വിപണിയെ എപ്രകാരം ബാധിക്കുമെന്നത് വിപണിയിലെ ഡിമാൻഡ് ഉൾപ്പെടെയുള്ള ഘടകങ്ങളെ ആശ്രയിച്ചാണുള്ളത്. അതിനാൽ തന്നെ ഇത് സംബന്ധിച്ച് ഒരു വിശകലനം ദുഷ്കരമാണ്. |

സെക്ഷൻ ഓഫീസർ